# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1399

03.12.2018- ൽ
മറുപടിയ്ക്ക്

**നിലമ്പൂർ മണ്ഡലത്തിലെ നിലമ്പൂർ-കരുളായി റോഡ്**

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ നിലമ്പൂർ-കരുളായി റോഡിന്റെ റവന്യൂ രേഖകളിൽ വീതി എത്രയാണ്; അറിയിക്കാമോ; | എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലെ നിലമ്പൂർ, കരുളായി എന്നീ വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന നിലമ്പൂർ - കരുളായി റോഡിന്റെ വീതി ശരാശരി 8.8 മീറ്റർ മുതൽ 19 മീറ്റർ വരെയാണ് |
| (ബി) ഈ റോഡ് മുക്കട്ട മുതൽ കരുളായി വരെ റീസർവ്വേ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷത്തിലാണ് റീസർവ്വേ ചെയ്തിട്ടുള്ളത്; വ്യക്തമാക്കാമോ; | ബി) | നിലമ്പൂർ വില്ലേജ് 01.04.1995 ലും കരുളായി വില്ലേജ് 31.03.2006 ലും കേരളാ സർവ്വെ അതിരടയാള നിയമ പ്രകാരം റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ഈ റോഡിന്റെ മുക്കട്ട മുതൽ കരുളായിവരെയുള്ള ഭാഗം 2005 -2006 കാലഘട്ടത്തിൽ റീ സർവ്വെ റിക്കാർഡുകൾ ഇംപ്ലിമെന്റ് ചെയ്തിട്ടുണ്ട്. |
| (സി) പഴയ ബ്രിട്ടീഷ് രേഖകളിൽ തടി ഡിപ്പോകളിലേക്കുള്ള ക്ലൂപ്പ് റോഡായി ഉപയോഗിച്ചിരുന്ന നിലമ്പൂർ-കരുളായി-നെടുങ്കയം റോഡിന് എഴുപത് അടി റോഡ് എന്ന് രേഖകളിൽ പരാമർശിച്ചിട്ടുണ്ടോ; ഈ റോഡിന്റെ BTR രേഖകൾ ലഭ്യമാക്കാമോ? | സി) | നിലമ്പൂർ - കരുളായി - നെടുങ്കയം റോഡിന്റെ പഴയ ബ്രിട്ടീഷ് രേഖകൾ, ബി.ടി.ആർ എന്നിവ നിലമ്പൂർ താലൂക്ക് ഓഫീസിലോ സർവ്വെ ഡയറക്റുടെ കാര്യാലയത്തിലോ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ